(ബി) ഈ കമ്മിറ്റികളെ ന്യായമായ പ്രാതിനിദ്ധ്യം കൊടുത്തുകൊണ്ട് പുന:സംഘടിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്ജ്):

(എ) വ്യക്തമായിട്ടുള്ള പരാതികളൊന്നും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത കമ്മിറ്റി പുന:സംഘടിപ്പിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. പി. ജോർജ്ജ്: ആർ. ടി. എ. കളുടെ കാലാവധി എത്ര കാലത്തേക്കാണ്, എന്നാണ് അവ സംഘടിപ്പിച്ചതെന്നു പറയാമോ?

ശ്രീ. കെ. എം. ജോർജ്ജ്: ആർ. ടി. എ. കളുടെ കാലാവധി ഒരു വർഷത്തേക്കാണ്. നിലവിലുള്ള ആർ. ടി. എ. കൾ സംഘടിപ്പിച്ചത് 13–2–1969–ൽ ആണ്. ഏതാനും ദിവസങ്ങൾക്കകം ഈ ആർ. ടി. എ. കൾ പുന:സംഘടിപ്പിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ വരുന്നതാണ്. കമ്മിറ്റികൾ സംഘടിപ്പിച്ചുകഴിഞ്ഞു. വ്യക്തികളുടെ കൺസൻറ് ചോദിച്ചിരിക്കുകയാണ്. അതു കിട്ടിക്കഴിഞ്ഞാൽ ഉടൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കും.

ശ്രീ. വി. കൃഷ്ണൻ നായർ: 13–2–1969–നു ശേഷം പുതിയ കമ്മിറ്റി വരാതിരിക്കുകയും നിലവിലുള്ള കമ്മിറ്റി ഔദ്യോഗികമായി തീരുമാനമെടുക്കുകയും ചെയ്യുകയാണെങ്കിൽ ആ തീരുമാനത്തിനു നിയമപ്രാബല്യം കിട്ടുമോ?

ശ്രീ. കെ. എം. ജോർജ്ജ്: തീർച്ചയായിട്ടും പ്രാബല്യമുണ്ടായിരിക്കും. സാധാരണ ആർ. ടി. എ. കൾ മാസത്തിൽ ഒരു പ്രാവശ്യമാണ് കൂടാറുള്ളത്. 13-2-1970–ൽ തന്നെ പുതിയ കമ്മിറ്റി സംഘടിപ്പിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ കഴിഞ്ഞില്ല. ഇനി വളരെ താമസിയാതെ ഒന്നു രണ്ടു ദിവസത്തിനകം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്.

ഗ്വാളിയർ റയോൺസ്

* 141. (502) ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിലെ ഗ്വാളിയർ റയോൺസുമായി ഉണ്ടാക്കിയ കരാർ പരിശോധിക്കണമെന്ന് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ അതിൻെറ അടിസ്ഥാനത്തിൽ എന്തുനടപടി ഇതനകം സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും തൊഴിലും മന്ത്രി: (ശ്രീ. പി. രവീന്ദ്രൻ):

(എ) ഗ്വാളിയർ റയോൺസുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്ന് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലിരിക്കുകയാണ്. തക്ക നടപടികൾ ഉടനെ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എൻ. പദ്മനാഭൻ: അവരുമായിട്ടുള്ള കരാർ പരിശോധിക്കണമെന്ന് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി പറയാൻ കാരണമെന്താണ്?

ശ്രീ. പി. രവീന്ദ്രൻ: ഈ കരാറിലെ ചില വ്യവസ്ഥകൾ ലംഘിക്കപ്പെട്ടു എന്നുള്ളതിനെ സംബന്ധിച്ചും മുള കൊടുക്കുന്ന റേറിനെ സംബന്ധിച്ചുമൊക്കെ പരിശോധിക്കണമെന്ന് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിക്കുതോന്നി. അങ്ങനെ ഈ സഭയുടെ മുമ്പിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ എല്ലാം വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഇതിനെ സംബന്ധിച്ചിടത്തോളം പരിഗണനയിലിരിക്കുകയാണെന്നു പറഞ്ഞു. വളരെക്കാലമായിട്ടു തർക്കത്തിലിരിക്കുന്ന ഒരു പ്രശ്നം ഇനിയും നീട്ടിക്കൊണ്ടു പോകുന്നത് സ്റ്റേറ്റിന് ദോഷകരമാണെന്നുള്ളതിനെ പരിഗണിച്ച് എത്ര ദിവസത്തിനകം പരിഗണന പൂർത്തിയാക്കുമെന്നും എത്ര ദിവസത്തിനകം ഇതിനെ സംബന്ധിച്ച് അവസാന തീരുമാനമെടുക്കുമെന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ റിപ്പോർട്ട് ഗവൺമെൻറിന്റെ കൈയ്യിൽ കിട്ടിയിട്ട് ഏതാനും ദിവസങ്ങളെ ആയുള്ളു.

വ്യവസായ വകുപ്പിൽ നടക്കുന്ന അഴിമതിക്കും

* 142 (503) ശ്രീ. എം. കെ. എ. ഹമീദ്
,, എ. എസ്. പുരുഷോത്തമൻ
,, കെ. ഐ. രാജൻ
,, എം. കെ. കൃഷ്ണൻ
,, എസ്. ദാമോദരൻ
,, ടി. കെ. കൃഷ്ണൻ
,, കെ. ചാത്തുണ്ണിമാസ്റ്റർ
,, വി. വി. ദക്ഷിണാമൂർത്തി
,, വി. ശ്രീധരൻ
,, ടി. കെ. രാമകൃഷ്ണൻ
,, മുസ്തഫാകെമാൽ
,, സി. കെ. ബാലകൃഷ്ണൻ:

താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സഭയുടെ മറുപടിനൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിൽ നടക്കുന്ന ഗുരുതരമായ അഴിമതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സോപ്സ് ആൻഡ് ഓയിൽസ് ലിമിറ്റഡിൽ ഓയിൽ ഡിവിഷൻ സൂപ്രണ്ടിന്റെ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു എന്നറിയുന്നത് ശരിയാണോ;

(സി) ആണെങ്കിൽ പ്രസ്തുത പോസ്റ്റിനുവേണ്ട വിദ്യാഭ്യാസയോഗ്യതകളും പ്രായോഗികപരിചയവും എന്തൊക്കെ ആയിരുന്നു;

(ഡി) പ്രസ്തുത പോസ്റ്റിനുവേണ്ടി അപേക്ഷിച്ചിരുന്ന ഓരോരുത്തരുടെയും വിദ്യാഭ്യാസയോഗ്യതകളും പരിചയവും മറ്റും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പോസ്റ്റിനുവേണ്ടി നിയമിക്കപ്പെട്ടതാരെയാണ്;

(എഫ്) വിദ്യാഭ്യാസയോഗ്യതയും പരിചയവും മറ്റും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly